# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1713 31.01.2018-ൽ മറുപടിയ്ക്ക്.

## കൈതക്കാട് - അമ്പലം കണ്ടോത്തുകുഴി റോഡ്

| ചോദ്യം<br><br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കുന്നത്തുനാട് പഞ്ചായത്തിൽ കൈതക്കാട് - അമ്പലം കണ്ടോത്തുകുഴി റോഡ് ടാർ ചെയ്യുന്നതിന് 33 ലക്ഷം രൂപ 2015 -2016 ൽ എം എൽ എ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നെങ്കിലും പ്രസ്തുത പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | കുന്നത്തുനാട് പഞ്ചായത്തിലെ ടി പ്രവൃത്തിക്ക് 27/06/2016 ൽ ഒന്നാം ഭാഗിക ബിൽ തുക നല്കിയിട്ടുള്ള താണ്. ടി പ്രവൃത്തിയിൽ സംരക്ഷണ ഭിത്തി, മണ്ണ് ഫില്ലിംഗ്, കൽവർട്ട് നിർമ്മാണം എന്നിവ പൂർത്തിയാക്കിയിട്ടുള്ളതാണ്. പരിസര വാസികളുമായി നിലനിന്ന തർക്കങ്ങൾ കാരണത്താലും ഒരു കൽവർട്ട് അധികമായി നിർമ്മിക്കേണ്ടി വന്നതിനാലും പ്രവൃത്തിയിൽ കാലതാമസം ഉണ്ടായിട്ടുള്ളതാണ്.ടാറിംഗ് പ്രവൃത്തികൾ മാത്രമേ ഇനി ബാക്കിയുള്ളൂ |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കാതെ വന്നതിന് ഉദ്യോഗസ്ഥതലത്തിൽ വീഴ്ചകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ